©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 മാർച്ച് 31<br>31st March 2022<br>1197 മീനം 17<br>17th Meenam 1197<br>1944 ചൈത്രം 10<br>10th Chaithra 1944 | നമ്പർ<br>No. 1104 |


### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5840/ലെഗ്.സി1/2022/നിയമം.

*തിരുവനന്തപുരം, 2022 മാർച്ച് 31*
*1197 മീനം 17*
*1944 ചൈത്രം 10.*

2022 മാർച്ച് 31-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2022-ലെ 5-ാം നമ്പർ ഓർഡിനൻസ്

## 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും, ഗ്രാമവികസനം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചു കൊണ്ട് ഒരു തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിനായുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചു കൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. 1994-ലെ 13-ാം ആക്റ്റും 1994-ലെ 20-ാം ആക്റ്റും 2016-ലെ 9-ാം ആക്റ്റും താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിനും (1994-ലെ 13-ാം ആക്റ്റ്) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിനും (1994-ലെ 20-ാം ആക്റ്റ്) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിനും (2016-ലെ 9-ാം ആക്റ്റ്) 3 മുതൽ 5 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13-ാം ആക്റ്റ്) 180-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ,—

(i) "ഉദ്യോഗസ്ഥൻമാരേയോ ജീവനക്കാരേയോ സംസ്ഥാനമൊട്ടാകെയോ ഓരോ ജില്ലയ്ക്കു വേണ്ടിയോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

4. 1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20-ാം ആക്റ്റ്) 222-ാം വകുപ്പിന്റെ (1ബി) ഉപവകുപ്പിൽ,—

(i) "ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ പഞ്ചായത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

5. 2016-ലെ 9-ാം ആക്റ്റിന്റെ ഭേദഗതി.—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9-ാം ആക്റ്റ്) 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19-ാം ആക്റ്റ്) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ച് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്ട്മെന്റ്/നിയമനരീതി, സേവന വ്യവസ്ഥകൾ, ശമ്പളവും, ബത്തകളും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 5840/Leg.C1/2022/Law.

*Dated, Thiruvananthapuram, 31st March, 2022*
*17th Meenam, 1197*
*10th Chaithra, 1944.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Local Self Government Common Service Ordinance, 2022 (5 of 2022).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ്” published under the authority of the Governor.]

# ORDINANCE No. 5 OF 2022

## THE KERALA LOCAL SELF GOVERNMENT COMMON SERVICE ORDINANCE, 2022

Promulgated by the Governor of Kerala in the Seventy-third Year of the Republic of India.

*AN*

*ORDINANCE*

*to constitute a Local Self Government Common Service by integrating the services under Panchayat, Municipality, Local Self Government Department (Planning) and the services of Rural Development and Local Self Government Engineering Division, in the State of Kerala.*

*Preamble*.—WHEREAS, it is expedient to constitute a Local Self Government Common Service by integrating the services under Panchayat, Municipality, Local Self Government Department (Planning) and the services of Rural Development and Local Self Government Engineering Division, in the State of Kerala;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Local Self Government Common Service Ordinance, 2022.

(2) It shall come into force at once.

2. *Acts 13 of 1994, 20 of 1994 and 9 of 2016 to be temporarily amended.*—During the period of operation of this Ordinance, the Kerala Panchayat Raj Act, 1994 (Act 13 of 1994),

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

the Kerala Municipality Act, 1994 (Act 20 of 1994), and the Kerala Town and Country Planning Act, 2016 (Act 9 of 2016), shall have effect subject to the amendments specified in sections 3 to 5.

3. *Amendment of Act 13 of 1994.*—In sub-section (4) of section 180 of the Kerala Panchayat Raj Act, 1994 (Act 13 of 1994),—

(i) for the words "for the constitution of any class of officers or servants of Panchayats into a separate service", the words and symbol "for the constitution of Local Self Government common service of any class of officers and employees of Panchayats, including Government servants in any other services" shall be substituted.

(ii) the following explanation shall be inserted, namely:—

"*Explanation*:—For the purpose of this sub-section, "Government servants in any other services" means Government servants in the services under Municipality, Local Self Government Department (Planning) and in the services of Rural Development and Local Self Government Engineering Division in the State.".

4. *Amendment of Act 20 of 1994.*—In sub-section (1B) of section 222 of the Kerala Municipality Act, 1994 (Act 20 of 1994),—

(i) for the words and symbol "for the constitution of a separate service, for any class of officers or employees of Municipalities", the words and symbols "for the constitution of Local Self Government common service, for any class of officers and employees of Municipalities, including Government servants in any other services" shall be substituted;

(ii) the following explanation shall be inserted, namely:—

"*Explanation*:—For the purpose of this sub-section, "Government servants in any other services" means Government servants in the services under Panchayat, Local Self Government Department (Planning) and in the services of Rural Development and Local Self Government Engineering Division in the State.".

5. *Amendment of Act 9 of 2016.*—After sub-section (2) of section 10 of the Kerala Town and Country Planning Act, 2016 (Act 9 of 2016), the following sub-section shall be inserted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(3) Subject to the provisions of this Act, the Government shall, regulate the classification, method of recruitment/appointment, conditions of service, pay and allowances, discipline and conduct of officers and employees, in accordance with the rules made under the Kerala Public Services Act, 1968 (Act 19 of 1968), and such rules may provide for the constitution of Local Self Government common service, for any class of officers and employees of Local Self Government Department (Planning), including Government servants in any other services either for the whole State or for each district.

*Explanation:*—For the purpose of this sub-section, "Government servants in any other services" means Government servants in the services under Panchayat, Municipality and in the services of Rural Development and Local Self Government Engineering Division in the State.".

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.31 09:40:58 +05:30